Draft #1 of File 6623/AC B5/2/2019/AC B 5 Approved by ASSISTANT REGISTRAR I ACADEMIC on 26-Mar-2019 11:23 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

യു ജി സി റെഗുലേഷൻസ് 2010 - സർവ്വകലാശാല പഠന വകുപ്പുകളിലേയും ,പ്രൈവറ്റ് എയ്ഡഡ് അഫിലിയേറ്റഡ് കോളേജുകളിലെയും അസിസ്റ്റന്റ് പ്രൊഫസർമാരുടെ സി എ എസ് സ്ഥാനക്കയറ്റം - ബഹു . ഹൈക്കോടതിയുടെ 23.02.2016 തീയതിയിലെ WP(C)No. 29253/2012 ,ബഹു . സുപ്രീം കോടതിയുടെ SLP(C) No. 18938 - 18942 /2017 മേലുള്ള 17.07.2018 തീയതിയിലെ വിധികൾ അനുസരിച്ച് സർവ്വകലാശാല പുറപ്പെടുവിച്ച 24.01.2019 തീയതിയിലെ 238/2019/MGU - ADMINISTRATION നമ്പർ ഉത്തരവ് പരിഷ്കരിക്കുന്നതു സംബന്ധിച്ച്.

---

**അക്കാദമിക് ബി 5 സെക്ഷൻ**

നമ്പർ. 1192/AC B 5/2019/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 26.03.2019

---

പരാമർശം:-1.27.03.2010 തീയതിയിലെ G.O(P)No. 58/2010/H.Edn നമ്പർ സർക്കാർ ഉത്തരവ് .
2.10.12.2010 തീയതിയിലെ G.O(P)No. 392/2010/H.Edn നമ്പർ സർക്കാർ ഉത്തരവ്.
3. 01.08.2011 തീയതിയിലെ U.O No. 4233/L/Acad/2011 നമ്പർ സർവ്വകലാശാല ഉത്തരവ് .
4. WP(C) No.29253/2012 -ൽ ബഹു. ഹൈക്കോടതിയുടെ 23.02.2016 തീയതിയിലെ വിധി
5. SLP(C) No. 18938 - 18942 / 2017 -ൽ ബഹു. സുപ്രീം കോടതിയുടെ 17.07.2018 തീയതിയിലെ വിധി
6. 05.01.2019 തീയതിയിലെ 49/2019/MGU - ADMINSTRATION നമ്പർ സർവ്വകലാശാല ഉത്തരവ്
7. 24.01.2019 തീയതിയിലെ 238/2019/MGU - ADMINISTRATION നമ്പർ സർവ്വകലാശാല ഉത്തരവ് .
8. 12.02.2019 തീയതിയിലെ സിൻഡിക്കേറ്റ് ഉപ സമിതി -അപ്രൂവലിന്റെ മിനിറ്റ്സ് ഇനം OA 2 നമ്പർ തീരുമാനം .

**ഉത്തരവ്**

പരാമർശം (2) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 18.09.2010 മുതൽ പ്രാബല്യത്തിൽ യു ജി സി റെഗുലേഷൻസ് 2010 നടപ്പിലാക്കി സർവ്വകലാശാല പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു .

എന്നാൽ എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ സ്ഥാനക്കയറ്റം സംബന്ധിച്ച് യു ജി സി റെഗുലേഷൻസ് 2010 -ലെ നിബന്ധനകൾ WP(c) No. 29253/2012 -മേലും സമാനമായ മറ്റ് കേസുകളിന്മേലുമുള്ള 23.02.2016 തീയതിയിലെ ബഹു . ഹൈക്കോടതി ഫുൾ ബെഞ്ചിന്റെ ഉത്തരവിന്റെയും, ബഹു . സുപ്രീം കോടതിയുടെ SLP(C) No. 18938 - 18942 / 2017 -മേലുള്ള 17.07.2018 തീയതിയിലെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 23.02.2016 മുതൽ മാത്രം ബാധകമായിരിക്കുമെന്ന് സൂചന (7) മുഖേന ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ടി ഉത്തരവ് നടപ്പാക്കുന്നതിലെ അവ്യക്തതകൾ ശ്രദ്ധയിൽപെട്ട സിൻഡിക്കേറ്റിന്റെ അപ്രൂവൽ ഉപസമിതി പരാമർശം (8) പ്രകാരം താഴെ പറയുന്ന ഭേദഗതികൾ ശുപാർശ ചെയ്തു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

1. 23.02.2016 വരെയുള്ള സി എ എസ് സ്ഥാനക്കയറ്റങ്ങൾക്ക് യു ജി സി റെഗുലേഷൻസ് 1998 അഥവാ യു ജി സി റെഗുലേഷൻസ് 2010 (Self Appraisal Report / Liberalized API based PBAS) പ്രകാരമുള്ള രേഖകൾ അദ്ധ്യാപകർക്ക് സമർപ്പിക്കാവുന്നതാണ്.
2. സൂചന (6), (7) ഉത്തരവുകൾ സർവ്വകലാശാല പഠന വകുപ്പുകളിലെ അദ്ധ്യാപകരുടെ സ്ഥാനക്കയറ്റങ്ങൾക്കും ബാധകമായിരിക്കും .
3. സൂചന (7) ഉത്തരവ് അസിസ്റ്റന്റ് പ്രൊഫസർ സ്റ്റേജ് II മുതൽ സ്റ്റേജ് V (പ്രൊഫസർ) വരെയുള്ള സ്ഥാനക്കയറ്റങ്ങൾക്ക് ബാധകമാക്കുന്നതിന് തീരുമാനിച്ചു .

മേൽ തീരുമാനങ്ങൾ സ്വകാര്യ എയ്ഡഡ് കോളേജുകളിലെയും സർവ്വകലാശാല പഠന വകുപ്പുകളിലെയും സ്ഥാനക്കയറ്റങ്ങൾക്ക് ബാധകമായിരിക്കും .

മേൽ തീരുമാനങ്ങൾ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റ്, 1985 ,അദ്ധ്യായം III,10(17) വകുപ്പ് പ്രകാരം അംഗീകരിച്ച് വൈസ് ചാൻസിലറുടെ ചുമതലയുള്ള പ്രൊഫസർ ഉത്തരവായിരിക്കുന്നു .

സൂചന (7) ഉത്തരവ് ഇപ്രകാരം പരിഷ്കരിച്ച് തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

സുകുമാരൻ .റ്റി. ബി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1 . പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് (ആമുഖ കത്ത് സഹിതം)
2 .കോളേജ് വിദ്യാഭ്യാസ വകുപ്പ് മേധാവി , തിരുവനന്തപുരം
3 . കോളേജ് വിദ്യാഭ്യാസ വകുപ്പ് ഉപ മേധാവി , കോട്ടയം / എറണാകുളം
4 . എല്ലാ എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാർക്കും (ഇ - മെയിൽ മുഖേന )
5 . വി സിയുടെ പ്രൈവറ്റ് സെക്രട്ടറി / പി വി സി യുടെ കാര്യാലയം
6 . രജിസ്ട്രാറുടെ പി എ / പരീക്ഷാ കൺട്രോളറുടെ പി ഏ /ഡിസിഡിസി
7 . എ സി സി I / II സെക്ഷൻ .
7 . എ ഡി എ II സെക്ഷൻ / എ ഡി എ IX സെക്ഷൻ .
8 . എ സി എൽ സെക്ഷൻ / ലീഗൽ സെക്ഷൻ
9 . കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ / ഐ ക്യു എ സി
10 .പി ആർ ഒ
11 . കരുതൽ ഫയൽ / ഫയൽ കോപ്പി / റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 6623/AC B5/2/2019/AC B 5 Approved by ASSISTANT REGISTRAR I ACADEMIC on 26-Mar-2019 11:23 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം